## സ്വർഗ്ഗം ആർക്കു ലഭിക്കും?

നന്മ നിറഞ്ഞ ജീവിതം നയിക്കുന്നവർക്ക്... ദൈവകല്പനകൾ അതേപടി പ്രമാണിക്കാൻ തയ്യാറുള്ളവർക്ക്.. ആരെയും ഉപദ്രവിക്കാതെ പരോപകാരം ചെയ്തു ജീവിക്കുന്നവർക്ക്... മേൽചോദ്യത്തിനുള്ള ഉത്തരങ്ങൾ ഇങ്ങനെ നീളുന്നു.

നൂറു ശതമാനവും നന്മ മാത്രം ചെയ്യുന്നവരും, അണുവിട തെറ്റാതെ ദൈവകൽപ്പനകൾ പ്രമാണിക്കുന്നവരും, മനസ്സിൽ ഒരിക്കൽ പോലും ദോഷം ചിന്തിക്കാത്തവരും, ജീവിതത്തിൽ തെറ്റുപറ്റാത്തവരും ഒക്കെ സ്വർഗ്ഗത്തിൽ പോകും എന്നു കരുതുന്നതിൽ ഒരു ന്യായമുണ്ട്... പക്ഷെ ഒരു കാര്യം, അങ്ങനെ ആരുണ്ടിവിടെ, ഈ ലോകത്തിൽ??

അതിനുത്തരം വേദപുസ്തകം നൽകുന്നുണ്ട്.. റോമർ മൂന്നാം അദ്ധ്യായം ഇരുപത്തി മൂന്നാം വാക്യത്തിൽ ദൈവം പറയുകയാണ്, "ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ഒരുപോലെ ദൈവതേജസ് ഇല്ലാത്തവരായിത്തീർന്നു"എന്ന്. സങ്കീർത്തനത്തിലും അതേ ആശയമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. "നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല". ഇതു വായിക്കുന്ന താങ്കളുൾപ്പെടെ ലോകത്തിലുള്ള എല്ലാവരും പാപികൾ എന്ന ഗണത്തിൽ പെട്ടവരാണെന്ന് ദൈവം ഉറപ്പിച്ചു പറയുന്നു. അല്ലെങ്കിൽ തന്നെ ചങ്കത്തു കൈ വച്ച് ഞാനിതുവരെ ഒരു പാപവും ചെയ്തിട്ടില്ല എന്ന് പറയാൻ മനസ്സാക്ഷിയുള്ള ആർക്കു കഴിയും?

ഇനി, പാപിയാണെങ്കിൽ എന്താ പ്രശ്നം? പ്രശ്നമുണ്ട്.. അതു ദൈവത്തിന്റെ വാക്കുകളിൽ തന്നെ കേട്ടോളൂ.. 'പാപത്തിന്റെ ശമ്പളം മരണമത്രെ...' (റോമർ 6:23). രണ്ടാം മരണം എന്ന് ബൈബിൾ വിവക്ഷിക്കുന്ന നരകത്തെപ്പറ്റിയാണ് ഇവിടെ പ്രതിപാദിക്കുന്നതെന്ന് ആ ഭാഗം പഠിക്കുമ്പോൾ നമുക്ക് വ്യക്തമാകും. അതായത്, പാപം ആരിലെല്ലാമുണ്ടോ അവർക്കെല്ലാമുണ്ട് ഈ നരകശിക്ഷ- ചാകാത്ത പുഴുവും കെടാത്ത തീയുമുള്ള ഗന്ധകത്തീപ്പൊയ്ക എന്ന് വേദപുസ്തകം വിശേഷിപ്പിക്കുന്ന നിത്യനരകം.

അങ്ങനെയെങ്കിൽ പിന്നെ സ്വർഗ്ഗം ആർക്കു ലഭിക്കും?.. ഇതേ ചോദ്യം തന്നെയായിരുന്നു പണ്ട് ശിഷ്യന്മാർക്കും ക്രിസ്തുവിനോടു ചോദിക്കാനുണ്ടായിരുന്നത്..

'അങ്ങനെയെങ്കിൽ രക്ഷ പ്രാപിക്കാൻ ആർക്കു കഴിയും?..'

ഉടനെ ക്രിസ്തുവിന്റെ മറുപടി ഇപ്രകാരമായിരുന്നു, 'മനുഷ്യരാൽ അസാധ്യം; എന്നാൽ, ദൈവത്താൽ സകലവും സാധ്യം തന്നെ'. അതായത്, ഒരു മനുഷ്യനും സ്വയപ്രയത്നം കൊണ്ട് രക്ഷ നേടാനാവില്ലെന്നതു തന്നെ.

**സ്വന്തം നന്മപ്രവൃത്തികളാൽ, നേർച്ച കാഴ്ച്ചകളാൽ, തീർഥാടനങ്ങളാൽ, മരണാനന്തര കർമ്മങ്ങളാൽ ആർക്കെങ്കിലും സ്വർഗ്ഗം പൂകാനാകുമായിരുന്നെങ്കിൽ യേശു ഇത്ര കാഠിന്യമേറിയ ക്രൂശുമരണം വരിക്കേണ്ട ആവശ്യമുണ്ടാകയില്ലായിരുന്നു.**

നമ്മൾ ഓരോരുത്തരും പാപം ചെയ്ത് നരകയോഗ്യരായിട്ടും നമ്മെ നാശത്തിലേക്ക് തള്ളിക്കളയാൻ മനസ്സില്ലാത്ത സ്നേഹവാനായ ദൈവം താൻതന്നെ നമ്മുടെ പാപമോചനത്തിനും രക്ഷയ്ക്കുമുള്ള വഴിയൊരുക്കി. നാം നശിക്കേണ്ട സ്ഥാനത്ത് നമ്മുടെ ശിക്ഷയേറ്റെടുത്ത് മരണം വരിക്കുവൻ ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിനെ ലോകത്തിലേക്ക് അയച്ചു. അവിടുന്ന് നമ്മുടെ പാപങ്ങളെല്ലാം തന്റെ ചുമലിലേറ്റി നമുക്കു പകരക്കാരനായി കുരിശുമരണമേറ്റു. എത്ര വലിയ സ്നേഹം! സ്വന്തം ജീവൻ തന്നുള്ള, രക്തമൊഴുക്കി തന്നുള്ള സ്നേഹം!!

എന്റെയും നിന്റെയും രക്ഷയ്ക്കായി വേണ്ടതെല്ലാം ദൈവം ചെയ്തുകഴിഞ്ഞു. പാപമോചനം, രക്ഷ, സ്വർഗ്ഗം ഇവ ഇന്ന് ദൈവത്തിന്റെ കൃപയാലുള്ള സ്നേഹസമ്മാനമാണ് എന്ന് എഫേസ്യർ 2:8 ൽ ദൈവം പറയുന്നു. ഈ സമ്മാനം വിശ്വാസമാകുന്ന കരങ്ങൾ നീട്ടി ആർക്കും സ്വീകരിക്കാം.

വിശ്വാസത്തോടെ ഈ രക്ഷ സ്വീകരിക്കുന്നവർക്ക് നിത്യജീവൻ എന്ന സ്വർഗ്ഗസൗഭാഗ്യം ലഭ്യമാകുമെന്ന് എത്ര ഉറപ്പായാണ് ബൈബിൾ പറയുന്നത്. അതേസമയം, വിശ്വസിക്കാത്തവർക്ക് നിത്യശിക്ഷാ

വിധി തന്നെ അവശേഷിക്കുന്നതായി യോഹന്നാൻ മൂന്നിന്റെ മുപ്പത്തിയാറാം വാക്യം പറയുന്നു.

രക്ഷ എന്ന ഈ വീണ്ടുംജനന അനുഭവം എങ്ങനെയാണ് താങ്കൾക്ക് സ്വന്തമാക്കാനാവുന്നത്? വ്യക്തിപരമായി താങ്കൾ യേശുകർത്താവുമായി ആരംഭിക്കുന്ന വിശ്വാസത്തിന്റെ ഉടമ്പടി ബന്ധത്തിലൂടെയാണ് അത് ആരംഭിക്കുന്നത്.

അതിനായി താങ്കൾ ചെയ്യേണ്ട മൂന്നു കാര്യങ്ങൾ: **ഒന്ന്,** ഞാനൊരു പാപിയാണെന്നും നരകശിക്ഷയ്ക്കു മാത്രം യോഗ്യനാണെന്നും ദൈവസന്നിധിയിൽ സമ്മതിക്കണം. **രണ്ട്,** എന്റെ പാപത്തിനുള്ള ശിക്ഷ ഏറ്റെടുത്ത് എനിക്കു പകരമായാണ് യേശു കുരിശിൽ മരിച്ചത് എന്നു വിശ്വസിച്ച് ഏറ്റുപറയണം. **മൂന്ന്,** ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്ന യേശുക്രിസ്തുവിനെ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാൻ ഹൃദയത്തിൽ കൈക്കൊള്ളണം.

ഈ സ്നേഹവാനായ കർത്താവ് ഇന്ന് താങ്കളുടെ ഹൃദയവാതിലിൽ മുട്ടുന്നു.. 'മകനേ, മകളേ, ഞാൻ എന്റെ ജീവൻ തന്ന് നിനക്കുവേണ്ടി ഒരുക്കിയ രക്ഷയെന്ന ഈ സ്നേഹസമ്മാനം കൈക്കൊള്ളുവാൻ നീ ഇന്ന് തയ്യാറാണോ' എന്ന അവിടുത്തെ ചോദ്യത്തിന് താങ്കൾ എന്തു മറുപടി പറയും? ഉവ്വ് എന്നാണ് ഉത്തരമെങ്കിൽ ഒരു ചെറിയ പ്രാർത്ഥനയിലൂടെ കർത്താവുമായി ഒരു ഉടമ്പടി ബന്ധം സമാരംഭിക്കാം..

'യേശു കർത്താവേ, ഞാനൊരു പാപിയെന്നു സമ്മതിക്കുന്നു. എന്റെ പാപം ഏറ്റെടുത്ത് എനിക്കു പകരക്കാരനായി അവിടുന്ന് കുരിശിൽ മരിച്ചെന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ന് അങ്ങയെ എന്റെ സ്വന്തം രക്ഷിതാവും കർത്താവുമായി ഞാൻ സ്വീകരിക്കുന്നു. ആമേൻ'.

ഈ പ്രാർത്ഥന താങ്കൾ വിശ്വാസത്തോടെയാണ് കർത്താവിനോട് പറഞ്ഞതെങ്കിൽ ദൈവത്തിന്റെ വാഗ്ദത്തപ്രകാരം താങ്കൾ ഒരു ദൈവപൈതലായിക്കഴിഞ്ഞു. ഉറപ്പിനായി യോഹന്നാൻ ഒന്നാം അദ്ധ്യായം പന്ത്രണ്ടാം വാക്യം വായിച്ചു നോക്കൂ. പുതുജനനം ലഭിച്ചവർ ദൈവരാജ്യത്തിനവകാശികളാണെന്ന് യോഹന്നാൻ മൂന്നിന്റ മൂന്നാം വാക്യത്തിൽ കർത്താവ് ഉറപ്പിച്ചു പറഞ്ഞിട്ടുമുണ്ട്.

ഇന്നു താങ്കൾ ഈ ആത്മീയ പുതുജനനത്തിലൂടെ ദൈവപൈതലായെങ്കിൽ ആത്മീയ വളർച്ചയ്ക്കുള്ള പടികൾ പറഞ്ഞുതരാൻ ഞങ്ങൾ സന്നദ്ധരാണ്. അതിനായി ചെറുപുസ്തകങ്ങളും സി.ഡികളും സമ്മാനമായി നിങ്ങൾക്ക് അയച്ചുതരാൻ സ്നേഹത്തോടെ ഞങ്ങൾ ആഗ്രഹിക്കുന്നു. താഴെ പറയുന്ന വിലാസത്തിലോ ഇ-മെയിലിലോ ഞങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.

PKA

P.B. No.4, Puthuppally P.O., Kottayam -686011, Kerala.
email: jeevithavijayam@yahoo.com

*Published by:* GLS Publishing, Udyog Bhavan, 250-D, Worli Colony P.O., Mumbai 400 030
*Branch Office:* GLS Publishing, MGM Towers, Opp. KSRTC, Pathanamthitta, Kerala 689 645

philantouch

